LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ പി.ഡബ്ലിയു.ഡി. ഏറ്റെടുക്കുവാനുള്ള നടപടി ക്രമങ്ങൾ

104 [1681] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡുകൾ പി.ഡബ്ലിയു.ഡി. ഏറ്റെടുക്കാറുണ്ടോ;

(ബി) ഇതിന് എന്തെല്ലാം നടപടികളാണ് ഗ്രാമപഞ്ചായത്തുകൾ ചെയ്യേണ്ടത് എന്ന് വിശദമാക്കാമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്ന വ്യക്തികൾക്ക് നികുതിയിളവ് നൽകാറുണ്ടോ;

(ഡി) ഇല്ലെങ്കിൽ നികുതിയിളവ് അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകളുടെ ഉപക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനപ്രകാരമാണ് പഞ്ചായത്തുറോഡുകൾ പി.ഡബ്ലിയു.ഡി. ഏറ്റെടുക്കുന്നത്.

(സി) ഇല്ല.

(ഡി) പരിഗണനയിലില്ല.

പഞ്ചായത്തുകളിലെ സാംസ്ക്കാരിക നിലയങ്ങളിൽ ലൈബ്രേറിയന്മാരെ സ്ഥിരപ്പെടുത്താൻ നടപടി

105 [1682] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) സംസ്ഥാനത്തെ പഞ്ചായത്തുകളിലെ സാംസ്ക്കാരിക നിലയങ്ങളിൽ ലൈബ്രേറിയന്മാരായി നിയമിക്കപ്പെട്ടിട്ടുള്ളവരെ സ്ഥിരപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് വെളിപ്പെടുത്താമോ;

(സി) സാംസ്ക്കാരിക നിലയങ്ങളിൽ നിയമിക്കപ്പെട്ടിട്ടുള്ള ലൈബ്രേറിയന്മാരെയും അൺ ടൈഡ് ഫണ്ടിൽ നിർദ്ദേശിച്ചിട്ടുള്ള ലൈബ്രറികളിലെ ലൈബ്രേറിയന്മാരെയും ഒരേ ഉത്തരവിൻപ്രകാരമാണ് നിയമിച്ചിട്ടുള്ളതെങ്കിലും ഈ രണ്ട് വിഭാഗത്തിലെ ലൈബ്രേറിയന്മാർക്കും വ്യത്യസ്ഥ നിരക്കിൽ പ്രതിഫലം നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;